"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.828/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/05/2020

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 23.04.2020-ലെ ഡി.സി.3-9653/2020നമ്പർ കത്ത്

2 സ.ഉ.(കൈ) നം.80/2020/ജി.എ.ഡി.തീയതി 23.04.2020

3 സ.ഉ.(കൈ) നം.68/2020/എച്ച് & എഫ്.ഡബ്ല്യൂഡി. തീയതി 19.04.2020

## ഉത്തരവ്

കോവിഡ്- 19 രോഗവ്യാപനവും ലോക്ക്ഡൗണും സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം നഗരസഭകൾക്ക് നടപടിക്രമങ്ങൾ പാലിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിലിന്റെ അംഗീകാരത്തിനായി നാളിതുവരെ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപ്പെട്ടിട്ടുള്ളതും ടി സാമ്പത്തിക വർഷം പൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളും 2020-21 സാമ്പത്തികവർഷം സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുത്ത് കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നഗരസഭകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി നടപ്പാക്കുന്ന 'ആരോഗ്യ ജാഗ്രത' പരിപാടിക്കും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും, ജല സംരക്ഷണം, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിന് അംഗീകാരം ലഭിച്ച ലേബർ ബഡ്ജറ്റുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് നഗരസഭകൾക്ക് അനുമതി നൽകണമെന്നും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് മാസ്ക്, കൈയ്യുറ, ഗംബൂട്ട് മുതലായവ നഗരസഭയുടെ തനതു ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങി നൽകുന്നതിന് അനുവാദം നൽകണമെന്നും നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. കോവിഡ്-19 വ്യാപനം നിയന്ത്രണാധീനമായിട്ടുള്ള പ്രദേശങ്ങളിൽ തൊഴിലാളികൾ സാമൂഹിക അകലം പാലിച്ചും ഫെയ്സ് മാസ്ക് നിർബന്ധമായും ധരിച്ചും പ്രവൃത്തി നടത്തണം എന്ന നിബന്ധനയോടെ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തികൾ ആരംഭിക്കാൻ പരാമർശം (2) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ കണ്ടെയ്ൻമെന്റ് സോണുകളായി നിർദ്ദേശിച്ചിട്ടുള്ള മുനിസിപ്പൽ പ്രദേശങ്ങൾ ഒഴികെ, 2019-20 സാമ്പത്തിക വർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപ്പെട്ടിട്ടുള്ളതും ടി സാമ്പത്തിക വർഷം

പൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളും നഗരസഭകൾക്ക് 2020-21 സാമ്പത്തികവർഷം സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുത്തുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ ചുവടെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

1. നഗരസഭകളിൽ മാലിന്യ സംസ്കരണം, മഴക്കാല പൂർവ ശുചീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഗണ്യമായ സംഭാവന നൽകുന്നതിനാൽ എല്ലാ നഗരസഭകളും മഴക്കാല പൂർവ ശുചീകരണവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

2. പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി നടപ്പാക്കുന്ന 'ആരോഗ്യ ജാഗ്രത' പരിപാടിക്കും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും, ജല സംരക്ഷണം, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ 2 5 ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിന് അംഗീകാരം ലഭിച്ച ലേബർ ബഡ്ജറ്റുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ നഗരസഭകൾക്ക് വരുത്താവുന്നതാണ്

3.ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് മാസ്ക്,കയ്യുറ,ഗംബൂട്ട്,സോപ്പ് മുതലായവ നഗരസഭയുടെ തനതു ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങി നൽകാവുന്നതാണ്.

4. പരാമർശം (3) ഉത്തരവ് പ്രകാരം കണ്ടെയ്‌ൻമെന്റ്/ഹോട്ട്സ്പോട്ട് പ്രദേശങ്ങളുടെ പട്ടിക ദിനംപ്രതി മാറാനിടയുള്ളതിനാൽ പുതുതായി ഏതെങ്കിലും നഗര പ്രദേശങ്ങൾ ടി പട്ടികയിൽ ഇടം പിടിക്കുന്നുണ്ടോ എന്നത് നഗരകാര്യ ഡയറക്ടർ ജാഗ്രതയോടെ ശ്രദ്ധിക്കേണ്ടതും അപ്രകാരമുള്ള പ്രദേശങ്ങളിൽ പ്രവൃത്തികൾ നിർത്തി വെക്കാൻ അടിയന്തിര നിർദ്ദേശം നൽകേണ്ടതുമാണ്.

5. പ്രവൃത്തി സ്ഥലത്ത് ചുവടെ പറയുന്ന വിധത്തിലുള്ള ബ്രേക്ക് ദി ചെയിൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അക്രഡിറ്റഡ് എഞ്ചിനിയർ/ഓവർസിയർമാർ/ഇതര ഉദ്യോഗസ്ഥർ മുഖേന നഗരസഭാ അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

i.പ്രവൃത്തി സ്ഥലത്ത് തൊഴിലാളികൾ ശാരീരിക അകലം പാലിച്ചും മുഖാവരണം (ഫെയ്സ് മാസ്ക്) നിർബന്ധമായും ധരിച്ചും ആയിരിക്കണം പ്രവൃത്തി നടത്തേണ്ടത്.

ii.പ്രവൃത്തി സ്ഥലത്ത് അഞ്ച് പേരിൽ കൂടുതൽ കൂട്ടം കൂടുന്ന തരത്തിൽ പ്രവൃത്തി എടുക്കാവുന്നതല്ല.

iii.അറുപത്തഞ്ച് വയസ്സിന് മേൽ പ്രായമുള്ളവരെ തൊഴിലെടുക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

iv.പൊതു സ്വഭാവമുള്ളതാണെങ്കിലും ഓരോ പ്ലോട്ടും ഒരു പ്രവൃത്തിയായി ഏറ്റെടുക്കേണ്ടതാണ്.

v.തൊഴിൽ തുടങ്ങുന്നതിനു മുന്നേയും, ഇടവേളകളിലും, തൊഴിലിന് ശേഷവും തൊഴിലാളികൾ സോപ്പ് ഉപയോഗിച്ച് കൈ കഴുകി വൃത്തിയാക്കണം.

vi.സോപ്പും, കൈ കഴുകാനുള്ള വെള്ളവും പ്രവൃത്തിയിടങ്ങളിൽ കരുതണം

vii. വീട്ടിൽ തിരികെ എത്തിയ ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകണം.

viii.ഏത് തരം പ്രവൃത്തിയാണെങ്കിലും വൃത്തിയുള്ള കൈയ്യുറകൾ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ മാസ്ക് ഉപയോഗിക്കേണ്ടതാണ്.

ix.വിയർപ്പ് തുടയ്ക്കാൻ തോർത്ത് ഓരോരുത്തരും കയ്യിൽ കരുതണം.

x.ഓരോ ദിവസവും കഴുകി വൃത്തിയാക്കിയ തോർത്ത് വേണം ഉപയോഗിക്കാൻ.

xi.പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾ പരസ്പരം നിശ്ചിത അകലം കഴിയുന്നത്ര പാലിക്കണം (കുറഞ്ഞത് 1 മീറ്റർ) . പ്രവൃത്തി സ്ഥലത്ത് തൊഴിലാളികളുടെ അനൗപചാരിക കൂടിച്ചേരലുകൾ ഒഴിവാക്കേണ്ടതാണ്.

xii.പനി, ചുമ, ശ്വാസതടസ്സം എന്നീ ബുദ്ധിമുട്ടുകളുള്ളവർ ഉടനെ തന്നെ അടുത്തുള്ള പി.എച്ച്.സി.യിൽ നിന്നും വൈദ്യസഹായം തേടേണ്ടതും പ്രവൃത്തിയിൽ നിന്നും മാറി നിൽക്കേണ്ടതുമാണ്.

xiii.കൊറോണ വൈറസ് (കോവിഡ്-19) ബാധയുള്ള വ്യക്തിയുമായി ബന്ധം ( പുലർത്തിയിട്ടുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവർ പ്രവൃത്തിയെടുക്കുന്നതിൽ നിന്നും മാറി നിൽക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

എല്ലാ ജില്ലാ കലക്ടർമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും / സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്